**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3806** **27-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവള റൺവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയ്ക്ക് നിലവിൽ എത്ര നീളമുണ്ടെന്ന് അറിയിക്കാമോ; | (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയ്ക്ക് നിലവിൽ 3050 മീറ്റർ നീളമുണ്ട്. |
| (ബി) | 2016 ഏപ്രിലിൽ റൺവേയുടെ നീളം എത്ര മീറ്ററായിരുന്നു; വിശദമാക്കുമോ; | (ബി) | 2400 മീറ്റർ റൺവേ ഉണ്ടായിരുന്നുവെങ്കിലും വിമാനത്താവളം പ്രവർത്തന സജ്ജ മായിരുന്നില്ല. കേന്ദ്രസർക്കാർ മന്ത്രാലയ ങ്ങളിൽ നിന്നുള്ള വിവിധ ക്ലിയറൻസുകൾ ലഭ്യമാക്കേണ്ടതുണ്ടായിരുന്നു. കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും എയർപോർട്ട് ഓപ്പറേഷനുള്ള അനുമതിയും ലഭിച്ചിരുന്നില്ല. കൂടാതെ, പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് റൺവേ സേഫ്റ്റി ഏരിയ (ആർ.ഇ.എസ്.എ) -07, നാവിഗേഷൻ ബിൽഡിംഗ്, ഇന്റേണൽ അപ്രോച്ച് റോഡ്, ഓപ്പറേഷണൽ പെരിമീറ്റർ റോഡ് & മതിൽ, റൺവേ ബേസിക് സ്ട്രിപ്പ് ഉൾപ്പെടെ ടേർഫിംഗ്, എയർപോർട്ട് ഗ്രൗണ്ട് ലൈറ്റിംഗ് (സെന്റർ ലൈൻ ലൈറ്റ്, എഡ്ജ് ലൈറ്റ് മുതലായവ), പി.ടി.ബി & എ.ടി.സി - ഇന്റീരിയർ ഫിനിഷിംഗ് വർക്ക് (എ.സി ഉൾപ്പെടെ), സെക്യൂരിറ്റി ഗേറ്റ് & വാച്ച് ടവർ, സ്റ്റോം വാട്ടർ ഡ്രെയിനേജ് വർക്ക്, പ്ലംബിംഗ് & വാട്ടർ സപ്ലൈ, ലിഫ്റ്റ്, എസ്കലേറ്റർ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ്, സെക്യൂരിറ്റി എക്യുപ്മെന്റ്, ഫർണീച്ചർ മുതലായവയുടെ പർച്ചേസിംഗ്, ഇന്റീരിയർ ഡിസൈൻ, കൗണ്ടറുകൾ തുടങ്ങിയവ പൂർത്തീകരിച്ചാണ് വിമാനത്താവളത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം 2018-ൽ ആരംഭിച്ചത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽവന്നതിന് ശേഷം എത്ര മീറ്റർ റൺവേ നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | 2018 ഡിസംബർ 09 നാണ് 3050 മീറ്റർ റൺവേയോടു കൂടി കണ്ണൂർ എയർപോർട്ട് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | 4000 മീറ്റർ റൺവേ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ടോ; ഇതിന് എന്തു ചെലവ് വരുമെന്നും; എന്ന് നിർമ്മാണം ആരംഭിക്കുമെന്നും; എന്ന് പൂർത്തിയാകുമെന്നും; എത്ര ചെലവാണ് ഇതിന് കണക്കാക്കിയിരിക്കുന്നതെന്നും വിശദീകരിക്കാമോ? | (ഡി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് വേണ്ടി 4000 മീറ്റർ റൺവേ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ സർക്കാർ 2016 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് സർക്കാർ നിശ്ചയിച്ച നോഡൽ ഏജൻസിയായ കിൻഫ്രയും സ്പെഷ്യൽ തഹസിൽദാറുമാണ്. കോവിഡ് കാരണം നിലച്ചുപോയ പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ